(ബി) ഈ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 30 ഒഴിവുകൾ ഉണ്ട്.

(ബി) 30 ഒഴിവുകളും പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ആലപ്പുഴ ജില്ലയിലെ വള്ളിക്കുന്നം ഹെൽത്ത് സെന്ററിലെ ഇൻപേഷ്യന്റ് വിഭാഗത്തിൽ വേണ്ടത്ര സ്റ്റാഫിനെ നിയമിക്കാൻ നടപടി

162 [1638] ശ്രീ. എം. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിലെ വള്ളിക്കുന്നം ഹെൽത്ത് സെന്ററിലെ ഇൻപേഷ്യന്റ് വാർഡിൽ വേണ്ടത്ര സ്റ്റാഫ് ഇല്ലാത്തതിനാൽ രോഗികളെ കിടത്തി ചികിത്സിക്കുവാൻ കഴിയാത്ത അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിലുള്ള നിരോധനം മാറ്റി അവിടെ വേണ്ടത്ര തസ്തികകൾ സൃഷ്ടിക്കുവാൻ വേണ്ട നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിൽ നിരോധനം നിലവിലുണ്ട്. ഇത് മാറുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

മിനിസ്റ്റീരിയൽ സൂപ്പർവൈസറി തസ്തികയിലേക്ക് പ്രൊമോഷൻ നടത്താൻ നടപടി

163 [1639] ശ്രീ. സ്റ്റീഫൻ ജോർജ്ജ്:
ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി:
ശ്രീ. ജോസഫ് എം. പുതുശ്ശേരി:
,, തോമസ് ഉണ്ണിയാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിൽ മിനിസ്റ്റീരിയൽ സൂപ്പർവൈസറി തസ്തികയിലേക്ക് കഴിഞ്ഞ കുറേ നാളുകളായി പ്രൊമോഷൻ നടക്കുന്നില്ല എന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly